# Desabhimani
# 27 August 2018
# Thiruvananthapuram, After Flood

## ഓണദിനങ്ങളിലും ജാഗ്രതയോടെ മുഖ്യമന്ത്രിയുടെ ഓഫീസ്

സ്വന്തം ലേഖകൻ

**തിരുവനന്തപുരം**

തിരുവോണദിവസവും മുഖ്യമന്ത്രിയുടെ ഓഫീസ് പ്രവർത്തിച്ചു. രാവിലെതന്നെ മുഖ്യമന്ത്രി പിണറായി വിജയൻ ഓഫീസിലെത്തി ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ക്യാമ്പുകളിൽ താമസിക്കുന്നവർക്ക് ഓണദിനങ്ങളിൽ ഒരു കുറവുമുണ്ടാകില്ലെന്ന് ഉറപ്പുവരുത്തി. എല്ലാ ദിവസവും കർമനിരതമായാൽ മാത്രമേ പ്രളയക്കെടുതിയുടെ പ്രതിസന്ധിയെ മറികടക്കാനാകൂ എന്ന കാഴ്ചപ്പാടോടെയാണ് മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പ്രവർത്തനം മുന്നേറുന്നത്. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഒരു തടസ്സവുമില്ലാത്ത വിധം ഓഫീസുകളുടെ പ്രവർത്തനം നടത്തണമെന്നാണ് തീരുമാനം.

പൊതു അവധി ദിവസങ്ങളിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായും ദുരിതാശ്വാസ ക്യാമ്പുകളുടെ പ്രവർത്തനം സുഗമമാക്കാനുമായി ആവശ്യത്തിന് ഉദ്യോഗസ്ഥരെയും ജീവനക്കാരെയും ഉറപ്പാക്കി. ഇതിന് പൊതുഭരണ ഏകോപന വകുപ്പ് പ്രത്യേകം നിർദേശം നൽകി. ദുരിതാശ്വാസത്തിലും ക്യാമ്പുകളിലും ആവശ്യത്തിന് ഉദ്യോഗസ്ഥരുടെ സഹകരണം വകുപ്പുമേധാവികളും കലക്ടർമാരും വകുപ്പുതല ജില്ലാ മേധാവികളും ദുരിതാശ്വാസകേന്ദ്രത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരും ഉറപ്പുവരുത്തി. സെക്രട്ടറിയറ്റിൽ ഇതിനാവശ്യമായ ഉദ്യോഗസ്ഥരുടെ ക്രമീകരണം വകുപ്പ് സെക്രട്ടറിമാർ ഏറ്റെടുത്തു.